**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള IP11/281 നമ്പരായുള്ള കെട്ടിടം ഗ്രാമന്യായാലയത്തിന്റെ പ്രവർത്തനത്തിന് വിട്ടുകൊടുക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.2184/16/തസ്വഭവ തിരുവനന്തപുരം, തീയതി : 20/07/2016

പരാമർശം - 1. 20.11.2014-ൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്യോഗസ്ഥ മേധാവികളുടെ യോഗത്തിന്റെ മിനിട്സ്.
2. ഇരിക്കൂർ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 10.05-2016 ലെ 40/16-ാം നമ്പർ തീരുമാനം.
3. പഞ്ചായത്ത് ഡയറക്ടറുടെ 01.06.2016 ലെ സി-2/7909/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമന്യായാലയം പ്രവർത്തിക്കുന്നതിന് കെട്ടിടങ്ങൾ ലഭ്യമായ ആറ് സ്ഥലങ്ങൾ ഹൈക്കോടതി രജിസ്ട്രാറിന് കൈമാറുന്നതിന് സൂചന (1) പ്രകാരം തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം ഇരിക്കൂർ ഗ്രാമപഞ്ചായത്ത് ഗ്രാമന്യായാലയത്തിനായി കെട്ടിടം വിട്ടു നൽകാൻ തീരുമാനമെടുക്കുകയുമുണ്ടായി. സൂചന (3)ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇരിക്കൂർ, ഗ്രാമപഞ്ചായത്ത് വക IP11/281-ാം നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് ഗ്രാമന്യായാലയത്തിന് വിട്ടുകൊടുക്കുന്നതിന് സർക്കാർ അനുമതിയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (3)ലെ പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇരിക്കൂർ ഗ്രാമപഞ്ചായത്ത് IP11/281-ാം വക നമ്പരായുള്ള കെട്ടിടത്തിന്റെ

ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് ഗ്രാമന്യായാലയത്തിന്റെ പ്രവർത്തനത്തിനായി വിട്ടു നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.കെ. മോഹന കുമാർ**

ഗവ. ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം(ആമുഖകത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്
അക്കൗണ്ടന്റ് ജനറൽ (എ& ഇ/ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ